## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 814** **29/09/2016 ൽ മറുപടി**

## പാഠപുസ്തക വിതരണം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ; | (എ) | 2016-17 അധ്യയന വർഷത്തിൽ ഒന്നാം വാല്യം പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ട്. രണ്ടാം വാല്യ പുസ്തക വിതരണം നവംബർ ആദ്യവാരത്തിൽ പൂർത്തിയാകും. ബാലൻസ് സ്റ്റോക്കെടുക്കുന്നതിൽ പിഴവ് സംഭവിച്ചതുമൂലം ഷോർട്ടേജായ എട്ടാം ക്ലാസ്സിലെ ബേസിക് സയൻസ് (ഇംഗ്ലീഷ് മീഡിയം) 13,868 മാത്തമാറ്റിക്സ് (ഇംഗ്ലീഷ് മീഡിയം) 16,000 എന്നിവയടക്കം 94,934 എണ്ണം അടിയന്തിരമായി റീ-പ്രിന്റ് 27.08.2016 ന് മുമ്പായി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്ന സംവിധാനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | വിതരണത്തിനായി സംസ്ഥാനത്താകമാനമുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളെ സൊസൈറ്റിയുള്ള സ്കൂളുമായി ബന്ധപ്പെടുത്തുകയും, ടി സൊസൈറ്റിയെ വിതരണ സെന്ററാക്കിക്കൊണ്ട് സ്കൂളുകൾക്കാവശ്യമായ ഇൻഡന്റ് പ്രകാരമുള്ള പുസ്തകങ്ങൾ സ്കൂൾ സൊസൈറ്റി സെക്രട്ടറിമാർ മുഖേന വിതരണം ചെയ്യുന്നതാണ് നിലവിലെ സംവിധാനം. |
| (സി) | പാഠപുസ്തകങ്ങൾ പല സ്ഥലങ്ങളിലും കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ വകുപ്പ്തല നടപടികൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ; പഴയരീതിയിൽ ഡിപ്പോ സംവിധാനം കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ; | (സി) | പാഠപുസ്തകങ്ങൾ ആവശ്യത്തിലധികം ചില സ്ഥലങ്ങളിൽ വിതരണം ചെയ്തതിനാൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ പുനക്രമീകരണം നടത്തിയതിനാൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ആവശ്യമായ ക്രമീകരണം ചെയ്തിട്ടുള്ളതിനാൽ ഡിപ്പോ സംവിധാനം കൊണ്ടുവരണമെന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | സ്കൂളുകൾ തുറക്കുന്നതിന് മുമ്പ് പാഠപുസ്തകം സ്കൂളിലെത്തിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സ്കൂളുകൾ തുറക്കുന്നതിന് മുമ്പ് പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനു വേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ